(സി) ഇല്ലെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾ സംബന്ധിച്ച ഏത് നിബന്ധനയാണ് തടസ്സമായിരിക്കുന്നത് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം**

362 (1832) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര മാസത്തെ സാമൂഹ്യക്ഷേമ പെൻഷനുകളാണ് കുടിശ്ശികയുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെകീഴിലുള്ള വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ എന്നീ പദ്ധതികളിൽ 6 മാസത്തെ കുടിശ്ശികയാണുള്ളത്. 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ കുടിശ്ശികയില്ല.

(ബി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

**സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പാക്കുന്ന ക്ഷേമ പെൻഷനുകൾ**

363 (1833) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണ് ;

(ബി) എത്ര രൂപ വീതമാണ് പെൻഷൻ നൽകുന്നത് ; എത്ര രൂപയാണ് വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന ക്ഷേമ പെൻഷനുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

| ക്ഷേമപെൻഷന്റെ പേര് | പ്രതിമാസ വിഹിതം (രൂപയിൽ) | വരുമാനപരിധി |
| --- | --- | --- |
| വികലാംഗ പെൻഷൻ | 700 രൂപ | ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20000 രൂപയും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22375 രൂപയും |
| a. 80% മുതൽ അംഗ വൈകല്യമുള്ളവർ | 1000 രൂപ | " |
| അഗതി (വിധവ) പെൻഷൻ | 700 രൂപ | എപിഎൽ/ബിപിഎൽ വ്യത്യാസമില്ലാതെ പരമാവധി മൂന്ന് ലക്ഷം രൂപ |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 500 രൂപ | " |
| a) 80 വയസ്സിനുമുകളിൽ പ്രായമുള്ളവർ | 1100 രൂപ | " |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 700 രൂപ | ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20000 രൂപയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22375 രൂപയും |

## വിവാഹപ്രായം കുറച്ചുകൊണ്ടുള്ള സർക്കുലർ

384 (1834) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവാഹപ്രായം പതിനാറായി കുറച്ചുകൊണ്ടുള്ള സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly